## എ.എസ്.ഐ 2011-12

ദേശീയ തലത്തിൽ സെൻട്രൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ്(സി.എസ്.ഒ) എല്ലാ വർഷവും വ്യവസായ സർവ്വെ നടത്തിവരുന്നു. വാർഷിക വ്യവസായ സർവ്വെ വ്യാവസായിക മേഖല പ്രതിഫലിപ്പിക്കുന്ന പ്രധാന ഘടകങ്ങളുടെ വിവരങ്ങൾ ലഭ്യമാക്കുന്നു. സി.എസ്.ഒ-യുടെ മാർഗ്ഗ നിർദ്ദേശപ്രകാരം സാമ്പത്തികസ്ഥിതിവിവരകണക്ക് വകുപ്പ് സംസ്ഥാനത്ത് വാർഷിക വ്യവസായ സർവ്വെ നടത്തിയ ഡാറ്റയും എൻ.എസ്.എസ്.ഒ നടത്തുന്ന ടി സർവ്വെയുടെ ഡാറ്റയും സംയോജിപ്പിച്ച് ജില്ലാ തലത്തിൽ വിവരങ്ങൾ ക്രോഡീകരിച്ച് റിപ്പോർട്ട് പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. സംസ്ഥാന വ്യവസായ സ്ഥിതിവിവരകണക്കിന്റെ മുഖ്യ സ്രോതസ്സാണ് പ്രസ്തുത സർവ്വെ. വ്യവസായ മേഖലയിൽ (സംഘടിത മേഖലയിൽ) ഉത്പാദനത്തിൽ ഏർപ്പെട്ടിരിക്കുന്നതും സേവനം നടത്തുന്നതുമായ ഫാക്ടറീസ് ആക്ട്-1948 പ്രകാരം രജിസ്റ്റർ ചെയ്ത ഉത്പാദന യൂണിറ്റുകളുടെ ഘടന, ഉത്പാദനരീതി തുടങ്ങിയവ നിർണ്ണയിക്കുന്നതിനും വിലയിരുത്തുന്നതിനും വ്യവസായനയം രൂപീകരിക്കുന്നതിനും പ്രസ്തുത വിവരങ്ങൾ ഉപയോഗിക്കുന്നു.

2012-13-ൽ നടത്തുന്ന എ.എസ്.ഐ സർവ്വെയിൽ 2011-12 സാമ്പത്തിക വർഷത്തിലെ തെരഞ്ഞെടുത്ത യൂണിറ്റുകളുടെ വിവരങ്ങളാണ് ശേഖരിക്കുന്നത്.

### എ.എസ്.ഐ 2011-12 സർവ്വെ എസ്റ്റിമേഷനിലെ സുപ്രധാന വിവരങ്ങൾ

- ടി സർവ്വെ പ്രകാരം സംസ്ഥാനത്ത് സംഘടിത ഉത്പാദന മേഖലയിൽ 7021 ഫാക്ടറികളാണ് പ്രവർത്തിക്കുന്നത്.

- പ്രസ്തുത യൂണിറ്റുകൾ 2011-12 വർഷത്തിൽ 3.63 ലക്ഷം പേർക്ക് തൊഴിൽ നല്കുകയും ഉത്പാദന മേഖലയിൽ 10,243.46 കോടി രൂപയുടെ മൂല്യവർദ്ധനവ്(നെറ്റ് വാല്യു ആഡഡ്) ഉണ്ടാകുകയും ചെയ്തിട്ടുണ്ട്.

- സ്ഥിര മൂലധനമായി 15,599.98 കോടി രൂപയും ഉത്പാദന മൂലധനമായി 23,851.13 കോടി രൂപയും നിക്ഷേപ മൂലധനമായി 29,550.44 കോടി രൂപയും നിക്ഷേപിച്ചതായി കണക്കാക്കപ്പെടുന്നു.

- 7021 യൂണിറ്റുകളിൽ മുന്നിട്ട് നിൽക്കുന്നത് ഭക്ഷ്യ ഉൽപന്നങ്ങളുടെ നിർമ്മാണ യൂണിറ്റ്കളാണ് (19.76%).

- മൊത്തം ഉത്പാദനം 1,09,860.32 കോടി രൂപയാണ്. ആകെ ഉത്പാദനത്തിൽ 43%-ഉം സംഭാവന ചെയ്തിരിക്കുന്നത് കോക്ക്, റിഫൈൻഡ് പെട്രോളിയം ഉൽപന്നങ്ങളുടെ നിർമ്മാണ വ്യവസായ മേഖലയിൽ നിന്നാണ്.

- സംസ്ഥാന സമ്പത് വ്യവസ്ഥയിൽ വ്യാവസായിക മേഖലയ്ക്കുള്ള പ്രാധാന്യം കണക്കാക്കുന്നതിനുള്ള ഒരു അളവുകോലാണ് മൂല്യവർദ്ധനവ് നിർണ്ണയം (നെറ്റ് വാല്യു ആഡഡ്) എന്നത്. 2011-12 വർഷത്തിൽ 10,243.45 കോടി രൂപയുടെ മൂല്യവർദ്ധനവ് (നെറ്റ് വാല്യു ആഡഡ്) നിർണ്ണയിച്ചിട്ടുണ്ട്.